DESPATCHED On.26/2/2020

10.1.20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 829*(2)/2019*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **5817**/*എസ്.ഐ.സി–ജി 6/19*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ഗിൽബർട്ട് പോൾ,
 റ്റി.സി.30–1071, മോസ്ക് ലൈൻ,
പേട്ട പി.ഒ., തിരുവനന്തപുരം.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സബ് ട്രഷറി ഓഫീസർ,
അഡീഷണൽ സബ്ട്രഷറി,
വഞ്ചിയൂർ, തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
ജില്ലാ ട്രഷറി ഓഫീസർ,
ജില്ലാ ട്രഷറി, തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 30.10.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19.11.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 10.12.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 31.12.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 04.04.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 04.04.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 29.10.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. ഗിൽബർട്ട് പോൾ, 04.04.2019ന് സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസംതന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.829(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നും തുടർന്ന് സമർപ്പിച്ച അപ്പീലിന്മേൽ അപ്പീൽ അധികാരിയും തൃപ്തികരമായ മറുപടി നൽകിയില്ലെന്നും രണ്ടു മറുപടിയിലും ഒപ്പിട്ടിരിക്കുന്നത് ഒരേ വ്യക്തിയാണെന്നും ആകയാൽ ടിയാന് വ്യക്തവും തൃപ്തികരവുമായ മറുപടി ലഭ്യമാക്കണമെന്നും ടി ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 30.10.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 01.07.2014ന് ശേഷം സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ ഗ്രാറ്റുവിറ്റി എന്നിവയുടെ കുടിശ്ശിക തുകയ്ക്ക് 01.02.2016 മുതൽ പലിശ കണക്കാക്കി വിതരണം ചെയ്യണമെന്ന് ധനകാര്യ വകുപ്പിന്റെ 9/2016 -ാം നമ്പർ ഉത്തരവിലും ധനകാര്യ സെക്രട്ടറിയുടെ 12.06.2017ലെ B/4/43/2017-ാം നമ്പർ ലെറ്ററിലും പറഞ്ഞിരുന്നിട്ടും അക്കൗണ്ടന്റ് ജനറലിന്റെ ആതറൈസേഷൻ ലെറ്ററിന്റെ തീയതി മുതൽ പലിശ കണക്കാക്കി പെൻഷൻകാരിൽ ചിലർക്കു കുടിശ്ശിക വിതരണം ചെയ്തതു ഏതു ഉദ്യോഗസ്ഥന്റെ നിർദ്ദേശപ്രകാരമാണെന്നും തുടങ്ങി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 19.11.2018ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 31.12.2018ന് നൽകിയ മറുപടിയിൽ ക്രമനമ്പർ 1ന് സബ് ട്രഷറിയുടെ എസ്.പി.ഐ.ഒ. സബ് ട്രഷറി ഓഫീസറാണെന്നും 2-ാം ഇനത്തിന് സാധാരണ കത്തിടപാടുകളിൽ ഓഫീസ് മുദ്രപതിപ്പിക്കേണ്ട ആവശ്യമില്ലാത്തതു കൊണ്ട് എസ്.പി.ഐ.ഒ. ചെയ്തത് ശരിയാണെന്നും ക്രമനമ്പർ 3ന് സബ് ട്രഷറി ഓഫീസറുടെ നടപടി ശരിയാണെന്നും അതുകൊണ്ട് തന്നെ എസ്.പി.ഐ.ഒ. നൽകിയ മറുപടി ക്രമപ്രകാരമാണെന്നും 4-ാം ഇനത്തിന് ടിയാന്റെ അപേക്ഷയിൽ കുടിശ്ശിക പലിശ കണ

ക്കാക്കിയ തീയതിയുടെ പ്രാബല്യമാണ് അറിയിക്കാൻ ആവശ്യപ്പെട്ടിരുന്ന തെന്നും അതിനുള്ള മറുപടി ഒന്നാം എതിർകക്ഷി നൽകിയിട്ടുണ്ടെന്നും അക്കൗണ്ടിൽ ക്രെഡിറ്റ് വന്ന തീയതി ടിയാൻ അറിയണമെന്ന് ആവശ്യപ്പെട്ടിരുന്നില്ല എന്നും അപേക്ഷയിൽ ആവശ്യപ്പെടാത്ത കാര്യം ഉൾപ്പെടുത്തിയുള്ള അപ്പീൽ പരിഗണാർഹമല്ലെന്നും ക്രമനമ്പർ 5&6 ന് സബ് ട്രഷറിയിലെ അപ്പലേറ്റ് അതോറിറ്റി ജില്ലാ ട്രഷറി ഓഫീസറാണെന്നും ടിയാന് നൽകിയ മറുപടിയിൽ സബ് ട്രഷറി ഓഫീസർ അപ്പലേറ്റ് അതോറിറ്റിയായി കാണിച്ചിരിക്കുന്നതെന്നും കേവലം ക്ലറിക്കൽ എറർ മാത്രമാണെന്ന് ബോധ്യപ്പെട്ടിരിക്കുന്നുവെന്നും ഇപ്രകാരം ടിയാന്റെ അപ്പീൽ തീർപ്പാക്കുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 28.10.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, മറ്റൊരു കമ്മീഷണർ മുമ്പാകെ ഇതേ വിഷയം തീർപ്പാക്കിയിട്ടുള്ളതാണെന്നും ടിയാൻ വീണ്ടും വീണ്ടും ഒരേ വിവരങ്ങൾ ആവർത്തിച്ച് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും ടിയാന്റെ അപേക്ഷയ്ക്കും അപ്പീലിനുമുള്ള മറുപടി രജിസ്റ്റേർഡായി നൽകിയിട്ടുള്ളതാണെന്നുമാണ്. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരുന്നില്ലെന്ന് കമ്മീഷൻ വിലയിരുത്തുന്നു. വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകുമ്പോൾ അപ്പീൽ അധികാരിയുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. എന്നിരുന്നാലും ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെ അടിസ്ഥാനത്തിലും രേഖകൾ പരിശോധിച്ച് ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി 10-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM